08.07.2023

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–08/07/2023.

1. സുസ്ഥിരമായ ഭാവി സൃഷ്ടിക്കാൻ കൃഷിരീതികൾ നവീകരിക്കുകയും യുവാക്കളെ കൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി. ഞാറ്റുവേല ചന്തയുടെയും കർഷക സഭകളുടെയും സംസ്ഥാനതല സമാപന സമ്മേളനം പൂജപ്പുര സരസ്വതി മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. വിദ്യാഭ്യാസം കേവലം അക്കാദമിക് ആവശ്യങ്ങൾക്കായി മാത്രം പരിമിതപ്പെടുത്തരുത്. കല, കായികം, സ്വഭാവ രൂപീകരണം തുടങ്ങിയ മേഖലകളെ ഉൾക്കൊള്ളുന്ന സമഗ്രമായ വികസനം അത് ഉൾക്കൊള്ളണമെന്നും മന്ത്രി പറഞ്ഞു. കൃഷിക്കൂട്ടങ്ങൾ പുറത്തിറക്കുന്ന ഉത്പന്നങ്ങളുടെ വിപണനോദ്ഘാടനം എന്നിവയും മന്ത്രി നിർവ്വഹിച്ചു. ജൂലൈ മൂന്ന് മുതൽ പൂജപ്പുരയിൽ ആരംഭിച്ച കാർഷിക പ്രദർശന വിപണന മേളയുടെ സമാപനവും ചടങ്ങിൽ നടന്നു.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയിൽ നെടുങ്കാട് പ്രവർത്തിച്ചു വരുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ നിറപുത്തരി കൊയ്ത്തുത്സവത്തിലേക്കായി കതിർ കുലകൾ 100 രൂപ നിരക്കിൽ വില്പനക്ക് ലഭ്യമാണ്. കതിർ കുല കെട്ടുകളും (അയർ ) മുൻകൂട്ടി ആവശ്യപ്പെടുന്ന മുറക്ക് തയ്യാറാക്കി നൽകുന്നതാണ്.

3. കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ പരിപാലിച്ചുവരുന്ന പശുക്കളെയും ആടുകളെയും ഈ മാസം 11-ാം തീയതി പകൽ 11 മണിക്ക് പരസ്യ ലേലം വഴി പൊതുജനങ്ങൾക്ക് വില്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം രാവിലെ 10:30ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും ആയിരം രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470302 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. വെള്ളാനിക്കര കാർഷിക കോളേജിൽ വിവിധയിനം വാഴകളുടെ ടിഷ്യുകൾച്ചർ തൈകളും കറിവേപ്പിൻ തൈകളും അലങ്കാര ചെടികളും വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കോഴിക്കോട് ജില്ലയിലെ കക്കോടി കൃഷി ഭവനിൽ കുറ്റ്യാടി നാടൻ ഇനം (ഡബ്ലിയു സി ടി) തെങ്ങിൻ തൈകൾ തൈ ഒന്നിന് 50 രൂപ നിരക്കിൽ വില്പനയ്ക്കായി എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർ കക്കോടി കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കക്കോടി കൃഷി ഓഫീസർ അറിയിച്ചു.

**പരിശീലന പരിപാടി**

6. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി 'ശാസ്ത്രീയ പശുപരിപാലനം' എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 18 മുതൽ 22 വരെ 5 ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9495390436, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ഈ മാസം 19,20,21 തീയതികളിലായി കോഴിക്കോട് വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം സെക്രട്ടറി/ക്ലാർക്ക്മാർക്കായി സഹകരണ വിഷയങ്ങളിൽ പരിശീലന പരിപാടി നടത്തുന്നു. പ്രവേശന ഫീസ് 20രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 18.07.2023ന് വൈകുന്നേരം 5 മണിക്ക് മുൻപായി dd-dtc-kkd.dairy@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലോ 0495-2414579 എന്ന ' ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർചെയ്യേണ്ടതാണ് .

8. രാജ്യത്തെ പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദനത്തിലും ഉപഭോഗത്തിലും 2022-23-ൽ മുൻവർഷത്തെ അപേക്ഷിച്ച് യഥാക്രമം 8.3 ശതമാനവും 9.0 ശതമാനവും വർദ്ധനയാണ് ഉണ്ടായിട്ടുള്ളതായി റബ്ബർ ബോർഡ് പബ്ലിസിറ്റി വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.